(സി) കൃഷിയാവശ്യത്തിനും കർഷക കുടുംബത്തിനും നിക്കിവെച്ചിട്ടുള്ള നെല്ലുകൂടി കൊച്ചി വിഭാഗത്തിൽനിന്നും എടുത്ത കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ. ബി) ൧൯൪൯-ൽ തിരുവിതാംകൂറിൽ നിന്നും ൭൫,൦൦൦,൦൦൦ പറനെല്ലും കൊച്ചിയിൽനിന്നും ൩൫,൫൦,൦൦൦ പറനെല്ലും എടുത്തിട്ടുണ്ട്.

(സി) ഇല്ല.

GRADUATE TEACHERS

*137. [130] **Sri. V. K. Varghese:** Will the Hon'ble Minister for Education be pleased to state.—

(*a*) how many graduate teachers are there now in the Education Department in Travancore area;

(*b*) out of the total number how many each should there be in the first and 2nd grades as per G. O. Dis. No. 704/47/Edn., dated 10th March 1947; and

(*c*) how many graduate teachers are there now in the first grade and 2nd grades; and

(*d*) how long is it since no promotions were made to the first and 2nd grades?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) There are 612 permanent posts in the Provincial staff of graduate teachers in Travancore area.

(*b*) I Grade 83.
II Grade 168.

(*c*) I Grade 83 (38 permanent plus 45 acting).
II Grade 168 (91 permanent plus 71 acting).

(*d*) Promotions were ordered to be made on 18th September 1950.

ശ്രീ. ഐ. എൻ. മേനോൻ:

*൧൩൫൨. (൧൩൮൪) ശ്രീ. ററി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:—

(എ) പെൻഷനു പ്രാരംഭമായി അവധിയിൽ പ്രവേശിച്ചിരിക്കുന്ന വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. ഐ. എൻ. മേനോൻ ഗവൺമെണ്ടിന്റെ പേരിൽ അവജ്ഞയും, അവിശ്വാസവും ഉളവാക്കുമാറു തുശ്ശിവപേരുർ ഒരധ്യാപക സമ്മേളനത്തിൽ ചെയ്ത പ്രസംഗം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഒരു ഉദ്യോഗസ്ഥനു ഗവൺമെൻറിനെപ്പററി ഇത്തരം പ്രസംഗങ്ങൾ ചെയ്യുന്നതിനു സ്വാതന്ത്ര്യമുണ്ടോ;

(സി) ഇല്ലെങ്കിൽ ശ്രീ. ഐ. എൻ. മേനോന്റെ പേരിൽ ഗവൺമെൻറു എന്തു നടപടിയിന്നെടുത്തിട്ടുള്ളതു?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശ്രീ. ഐ. എൻ. മേനോൻ: ഇങ്ങിനെ ഒരു പ്രസ്താവന പുറപ്പെടുവിച്ചതായി ചില പത്രങ്ങളിൽ കാണുക ഉണ്ടായി.

(ബി) ഇല്ല.

(സി) ശ്രീ. മേനോട് ഇതേപ്പററി സമാധാനം ചോദിച്ചതിൽ അങ്ങനെ ഒരു പ്രസ്താവന ചെയ്തിട്ടില്ലെന്നു ഉറപ്പു പറയുക ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly